FRI, JUN 19TH, 2015 22:06:22 PM
epaper

HOME NEWS BUSINESS FASHION HEALTH ENTERTAINMENT TECHNOLOGY SPORTS GALLERY EDITORIAL

BREAKING NEWS

Home / കേരളം / പക×വീട് പദ്ധതി താളം തെറ്റി



# പകൽവീട് പദ്ധതി താളം തെറ്റി

കേരളം June 9, 2015 , by Reporter

Comments Off 12

പി എസ് രശ്മി
കൊച്ചി: മാനസികാസ്വാസ്ഥ്യമുളളവർക്ക് പകൽവീടുകൾ സ്ഥാപിക്കുന്നതിനുളള സംസ്ഥാനസർക്കാരിന്റെപദ്ധതി താളം തെറ്റി. സർക്കാരിന്റെ തന്നെ ഭാഗത്തുനിന്നുള്ള അവഗണനയാണ് പദ്ധതിക്ക് വിനയായിരിക്കുന്നത്. സമ്പൂർണ ആരോഗ്യ പദ്ധതി പ്രകാരം ലക്ഷക്കണക്കിന് രൂപ ചെലവിട്ട് പകൽവീടുകൾ സ്ഥാപിച്ചെങ്കിലും മാനദണ്ഡങ്ങളെല്ലാം ലംഘിച്ചാണ് ഇവയുടെ പ്രവർത്തനം. ഓരോന്നിലും 30 പേർ എന്ന കണക്കിൽ ജില്ല തോറും 2 പകൽവീടുകൾ സ്ഥാപിക്കുമെന്നായിരുന്നു പ്രഖ്യാപനം. 28 പകൽ വീട് വേണ്ടയിടത്ത് നിലവിൽ 22 എണ്ണമേ സ്ഥാപിച്ചിട്ടുള്ളു.സംസ്ഥാനത്ത് മാനസികരോഗചികിത്സക്ക് വിധേയരാവരുടെ തുടർസംരക്ഷണത്തിന് മതിയായ സൗകര്യമില്ലാത്ത സാഹചര്യത്തിലാണ് സർക്കാർ പകൽവീടുകൾക്കായി 2013ലെ ബജറ്റിൽ 20 കോടി രൂപ വകയിരുത്തിയത്.
ആരോഗ്യം, സാമൂഹ്യനീതി, വിദ്യാഭ്യാസം എന്നീ വകുപ്പുകൾ സംയുക്തമായി എൻജിഒകൾ, മനശാസ്ത്ര വിദഗ്ധർ എന്നിവരെ കൂടി ഉൾപ്പെടുത്തി സമിതി രൂപീകരിച്ച് പദ്ധതി നടപ്പാക്കണമെന്നായിരുന്നു നിർദേശം.എന്നാൽ മൂന്നു വർഷം കഴിഞ്ഞിട്ടും സമിതി രൂപീകരിക്കുകയോ യോഗം ചേരുകയോ ചെയ്തില്ല. തിരുവനന്തപുരത്തുള്ള ഒന്നോരണ്ടോ പേർ പേരിന് ഒരു യോഗം ചേർന്നത് മാത്രമാണ് ഇതുമായി ബന്ധപ്പെട്ട് നടന്ന ഏക യോഗം.തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി യോജിച്ച് പ്രവർത്തിച്ചിരുന്നെങ്കിൽ പദ്ധതി വിജയകരമായി നടപ്പാക്കാൻ കഴിയുമെന്നിരിക്കേ അത്തരത്തിൽ യാതൊരു ശ്രമവും സർക്കാർ നടത്തിയിട്ടില്ല.മാനസികരോഗത്തിൽ നിന്ന് മുക്തരായവരെ രാവിലെ വീട്ടിൽ നിന്ന് വാഹനത്തിൽ പകൽവീട്ടിലെത്തിക്കും, തൊഴിൽ പരിശീലനം നൽകും എന്നൊക്കെയായിരുന്നു പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. സ്ഥാപിച്ച 22 എണ്ണത്തിൽ മിക്കതിലും അടിസ്ഥാന സൗകര്യമില്ല. തൊഴിൽ പരിശീലനം നൽകുന്നയിടങ്ങൾ വിരലിലെണ്ണാവുന്നവയും.
എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറ എരൂരിലെ പകൽ വീട്ടിൽ വീട്ടിൽ ആകെയുളളത് കിടക്കാനുളള കട്ടിലും പ്രവർത്തിക്കാത്ത ടിവിയുമാണ്.പല വകുപ്പുകളേയും യോജിപ്പിച്ച് നടപ്പാക്കേണ്ട പദ്ധതി അധികാരികളുടെ അലംഭാവം മൂലം പ്രയോജനമില്ലാത്ത രീതിയിലായിരിക്കുകയാണെന്ന് ഇൻഡ്യൻ സൈക്യാട്രി സൊസൈറ്റി കേരള ഘടകം പ്രസിഡണ്ട് സി ജെ ജോൺ ജനയുഗത്തോട് പറഞ്ഞു.പകൽ വീടുകളുടെ പ്രവർത്തനം വിജയകരമാകണമെങ്കിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കണം.അവർക്കാകുമ്പോൾ സമീപപ്രദേശങ്ങളിലുള്ള മാനസിക അസ്വാസ്ഥ്യമുള്ളവരെ കുടുതൽ അറിയാനും ആവശ്യമായ പരിചരണം ലഭ്യമാക്കാനും കഴിയും. പകൽ വീട്ടിലെത്തുന്നവർക്ക് മാനസിക ഉല്ലാസത്തിനും പുനരധിവാസത്തിനുമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. കൃത്യമായ ബോധവത്ക്കരണം ലഭിക്കാത്തതിനാൽ രോഗവിമുക്തരായവർ പകൽ വീട്ടിലേക്ക് എത്തുന്നില്ലെന്ന് പകൽ വീട് എറണാകുളം ജില്ലാ നോഡൽ ഓഫീസർ ഡോ. ഡാലിയ ജനയുഗത്തോട് പറഞ്ഞു. എൻ ജി ഒ കളുടെ മിറ്റിംഗ് വിളിച്ച് ചേർത്ത് ആളുകളെ പകൽ വീടിനെക്കുറിച്ച് ബോധവൽക്കരിക്കേണ്ടതുണ്ട്.ഒക്യുപേഷൻ തെറാപ്പിസ്ററിന്റെ നിയമനവും ഉടൻ നടക്കുമെന്നാണ് പ്രതീക്ഷയെന്നും അവർ പറഞ്ഞു.ജില്ലയിലെ രണ്ടാമത്തെ പകൽ വീട് സ്ഥാപിക്കാൻക്കാൻ രായമംഗലത്ത് സ്ഥലം കണ്ടെത്താനുള്ള നടപടികൾ ഉടൻ ആരംഭിക്കുമെന്നും അവർ പറഞ്ഞു.സംസ്ഥാനത്ത് പദ്ധതിക്കായി അനുവദിക്കുന്ന ഫണ്ട് പദ്ധതിക്ക് കൃത്യമായി ഉപയോഗിക്കുന്നില്ലെന്നും പരാതി ഉയരുന്നുണ്ട്.
സംസ്ഥാനത്ത് 100ൽ 8 പേർക്കെങ്കിലും കടുത്ത മാനസികരോഗമുണ്ടെന്നാണ് കണക്ക്. ഇത്തരക്കാരുടെ പുനരധിവാസത്തിന് വലിയ സഹായകമാകുന്ന പദ്ധതിയാണ് അധികൃതരുടെ അലംഭാവം മൂലം അവതാളത്തിലായിരിക്കുന്നത്.

Share this Post:

« Previous Article
കളമശേരി ഭൂമിതട്ടിപ്പ്; ടി ഒ സൂരജിനെ പ്രതിചേർക്കും

Next Article »
അരുവിക്കര ഇടതുപക്ഷജനാധിപത്യ മുന്നണി സ്ഥാനാർത്ഥി എം വിജയകുമാർ നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നു

RELATED ARTICLES

കേരളം

- കാർഷിക സർവകലാശാലയുടെ ഭൂമി അന്യാധീനപ്പെടുത്തുന്നതിൽ പ്രതിഷേധം വ്യാപകം
- കെഎസ്ആർടിസിയ്ക്ക് ഇനി പുതിയമുഖം; ജൂലൈ ഒന്ന് മുതൽ യൂണിഫോം മാറും
- എച്ച്ഐവി ബാധിതരോട് സർക്കാരിന് അവഗണന; പെൻഷൻ വിതരണം മുടങ്ങിയിട്ട് 16 മാസം
- പൗരസ്വാതന്ത്ര്യത്തെ കരിനിയമങ്ങൾ ഉപയോഗിച്ച് വേട്ടയാടുന്നു: കാനം
- സംസ്ഥാനത്തെ വിജിലൻസ് സംവിധാനം ഉടച്ചുവാർക്കാൻ ഹൈക്കോടതി
- ജനസമ്പർക്ക പരിപാടിയിലെ മുഖ്യമന്ത്രിയുടെ പ്രഖ്യാപനം തട്ടിപ്പ്
- 'ജനയുഗ'ത്തിന്റേത് സാമൂഹിക മാറ്റത്തിന്റെ ചരിത്രം: റഫീക് അഹമ്മദ്
- സോളാർ കേസ്; സരിതയ്ക്കും ബിജുവിനും ആറ് വർഷം കഠിന തടവ്
- നിസാമിന് വിദഗ്ധ ചികിത്സയുടെ അനിവാര്യതയില്ലെന്ന് റിപ്പോർട്ട്
- സർക്കാരിനെതിരെ ഗവ. ഡോക്ടർമാരുടെ രൂക്ഷവിമർശനം, ആരോഗ്യമേഖലയെ സർക്കാർ നശിപ്പിക്കുന്നു
- പാഠപുസ്തക വിതരണത്തിലെ കാലവിളംബം സർക്കാരിന്റെ കെടുകാര്യസ്ഥത: കെ ഇ ഇസ്മയിൽ
- പ്രഖ്യാപനങ്ങൾക്ക് പഞ്ഞമില്ല; ഭാഷ രക്ഷപ്പെടുന്നില്ലെന്നു മാത്രം
- ബാർകോഴ: അന്വേഷണ റിപ്പോർട്ട് മൂന്നാഴ്ചക്കകമെന്ന് സർക്കാർ
- കോടതി പരിസരത്ത് യുവാവ് ഭാര്യയേയും കാമുകനേയും കുത്തിവീഴ്ത്തി
- ചന്ദ്രബോസ് കൊലക്കേസ് പ്രതി നിസാമിന് പൊലീസ് ജീപ്പിലും വഴിവിട്ട സ്വാതന്ത്ര്യം